**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5598 — 18.11.2019 ൽ മറുപടിക്ക്

## കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ താലൂക്ക് ആശുപത്രികളായി ഉയർത്താൻ നടപടി

| | ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ താലൂക്ക് ആശുപത്രികളായി ഉയർത്തിയിട്ടുണ്ട്;വ്യക്തമാക്കുമോ, | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തിരുവനന്തപുരം ജില്ലയിലെ മലയൻകീഴ് സി.എച്ച്.സി, കൊല്ലം ജില്ലയിലെ പത്തനാപുരം സി.എച്ച്.സി, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി സി.എച്ച്.സി, കാസർകോഡ് ജില്ലയിലെ പനത്തടി സി.എച്ച്.സി,മംഗൽപ്പാടി, ബേഡഡുക്ക എന്നീ സാമൂഹികാരോഗ്യകേന്ദ്രങ്ങളെ താലൂക്കാശുപത്രിയായി ഉയർത്തിയിട്ടുണ്ട്. |
| (ബി) | മങ്കട നിയോജക മണ്ഡലത്തിലെ മങ്കട സി.എച്ച്.സി.- യെ താലൂക്കാശുപത്രിയായി ഉയർത്തി മെച്ചപ്പെട്ട സേവനം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കുമോ? | (ബി) | മങ്കട സി.എച്ച്.സി സ്ഥിതി ചെയ്യുന്നത് പെരിന്തൽമണ്ണ താലൂക്കിലാണ്.ഈ താലൂക്കിൽ തന്നെയാണ് പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയും സ്ഥിതി ചെയ്യുന്നത്.മങ്കട സി.എച്ച്.സി ഉൾപ്പെടുന്ന പ്രദേശം 7 പഞ്ചായത്തുകളുടെ പരിധിയിലാണ്. ടി പ്രദേശത്തെ ജനസംഖ്യ 3.5 ലക്ഷമാണ്.ഈ പ്രദേശത്തിനുള്ളിൽ കൂട്ടിലങ്ങാടി, മക്കരപ്പറമ്പ്, മൂർക്കനാട്, പാങ്ങ്, അങ്ങാടിപ്പുറം, ചെമ്മലശ്ശേരി എന്നീ പി.എച്ച്.സികളും പുഴക്കാട്ടിരി സി.എച്ച്.സിയും പ്രവർത്തിച്ചുവരുന്നു. കൂടാതെ ഇവിടെ നിന്നും 9 കി.മി ചുറ്റളവിൽ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയും പ്രവർത്തിച്ച വരുന്നു. 26 കിടക്കകളുള്ള മങ്കട സി.എച്ച്.സി.യിൽ ഒരു സിവിൽ സർജന്റെയും രണ്ട് അസിസ്റ്റന്റ് സർജന്റെയും കൂടാതെ ജൂനിയർ കൺസൽട്ടന്റ് (ഗൈനക്കോളജി, പീഡിയാട്രീഷ്യൻ) എന്നീ സ്പെഷ്യാലിറ്റി തസ്തികകളും നിലവിലുണ്ട്.<br>ദൈനംദിന ഒ.പി., ഐ.പി. എന്നിവയ്ക്ക് പുറമേ എൻ.സി.ഡി.ക്ലിനിക് പരിരക്ഷാ പദ്ധതി, സെക്കന്ററി പരിരക്ഷാ പദ്ധതി, രോഗപ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ നല്ല രീതിയിൽ പ്രവർത്തിച്ച വരുന്നുണ്ട്. പെരിമ്പിലാവ്-താമരശ്ശേരി സ്റ്റേറ്റ് ഹൈവേയിൽ സ്ഥിതിചെയ്യുന്ന മങ്കട സി.എച്ച്.സി.യിലെ ദിവസേനയുള്ള ശരാശരി ഒ.പി. 700 ഉം ഐ.പി. 12 ഉം ആണ് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ച നല്ല രീതിയിൽ പ്രവർത്തിക്കുന്ന ലാബ് സൗകര്യവും ലഭ്യമാണ്. കൂടാതെ ഡി.എം.സി., എഫ്.ഐ.സി.റ്റി.സി. എന്നീ സൗകര്യങ്ങളും ഇവിടെയുണ്ട്. വേസ്റ്റ് മാനേജ്മെന്റിനായി ഇൻസിനറേറ്ററും, ഒപ്റ്റോമെട്രിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ് സേവനവും ലഭ്യമാണ്.<br>സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിലുമുപരി വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകുന്നത്. |

Hari

സെക്ഷൻ ഓഫീസർ